ഭരണഭാഷ – മാതൃഭാഷ

റ്റി.ക്യൂ(2) 11592/19

കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം
തീയതി : 30/06/2020.

**സർക്കുലർ**

വിഷയം:- കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്-രാസവളം, കീടനാശിനി ക്വാളിറ്റി കൺട്രോൾ ശക്തിപ്പെടുത്തുന്നത് - തുടർ നിർദ്ദേശങ്ങൾ നൽകുന്നത് - സംബന്ധിച്ച്.

സൂചന:- (1). 23.11.2019 തീയതി സമേതിയിൽ വച്ച് കൃഷി ഡെപ്യൂട്ടി ഡയറക്ടർ(ഇ&റ്റി) മാർക്ക് നൽകിയ പരിശീലനം.
(2). 24.05.2019 തീയതി ഈ ഓഫീസിൽ നിന്നും നൽകിയ TQ(1) 13382/19 നമ്പർ കത്ത്.
(3). 14.10.2019 തീയതി വൈറ്റില ആർ.എ.റ്റി.റ്റി.സി-യിൽ വച്ച് ജില്ലാതല സെക്ഷൻ ക്ലാർക്കുമാർക്ക് നൽകിയ പരിശീലനം.

*********************

കാർഷികോൽപ്പാദനോപാധികളായ വളം, കീടനാശിനി എന്നിവയുടെ ഉൽപ്പാദനം, വിതരണം, വിപണനം എന്നിവ നിയന്ത്രിക്കുന്നതിനും ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനും ജില്ലാതല ലൈസൻസിംഗ് അതോറിട്ടികൾക്കും, വളം/കീടനാശിനി ഇൻസ്പെക്ടർമാർക്കും, ജില്ലാതല സെക്ഷൻ ക്ലാർക്കുമാർക്കും സൂചനകൾപ്രകാരം പരിശീലനങ്ങളും നിർദ്ദേശങ്ങളും നൽകിയിട്ടും ഇപ്പോഴും മിക്ക ജില്ലകളിൽനിന്നും നിരവധി അപാകതകൾ നിറഞ്ഞ അപേക്ഷകളാണ് ലൈസൻസ് നൽകുന്നതുമായി ബന്ധപ്പെട്ട് ഈ ഓഫീസിൽ ലഭിക്കുന്നത്. അതുപോലെ ഗുണനിലവാരം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വളം/കീടനാശിനി സാമ്പിളുകൾ ശേഖരിക്കുന്നതിലും ലാബുകളിലേയ്ക്ക് സാമ്പിളുകൾ യഥാസമയം അയയ്ക്കുന്നതിലും, പരിശോധനാഫലം ലഭിച്ചതിന്ശേഷം തുടർനടപടി സ്വീകരിക്കുന്നതിലും നിരവധി വീഴ്ചകളാണ് വളം കീടനാശിനി ഇൻസ്പെക്ടർമാരിൽ നിന്നും ഉണ്ടായിരിക്കുന്നത്. ഈ സാഹചര്യത്തിൽ മേൽ വിഷയം സംബന്ധിച്ച് എല്ലാ ലൈസൻസിംഗ് അതോറിട്ടികളും വളം/കീടനാശിനി ഇൻസ്പെക്ടർമാരും കർശനമായി പാലിക്കപ്പെടേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ ക്രോഡീകരിച്ചുകൊണ്ട് നൽകുന്നു.

**I. ലൈസൻസ് നൽകുമ്പോൾ ശ്രദ്ധിക്കേണ്ടവ**

**(a). വളം ഉൽപ്പാദനം/വിതരണം/വിപണനം**

1. എല്ലാ രാസവളങ്ങളും വളക്കൂട്ടുകളും, നിർമ്മിക്കുന്നതിന് " സർട്ടിഫിക്കറ്റ് ഓഫ് മാനുഫാക്ചർ "(COM) നിർബ്ബന്ധമാണ്.
2. ജൈവജീവാണുവളങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് 'COM' ആവശ്യമില്ല.
3. എല്ലാ രാസവളങ്ങളും, ജൈവ-ജീവാണുവളങ്ങളും വിതരണം/വിപണനം നടത്തുന്നതിന് മൊത്ത/ചില്ലറ വിൽപ്പനക്കാർ " ലറ്റർ ഓഫ് ഓതറൈസേഷൻ "(LOA) കരസ്ഥമായിരിക്കണം.
4. COM-നും LOA-നും കാലാവധി (നിലവിൽ 5 വർഷം) ഉള്ളതിനാൽ, അവയുടെ കാലാവധി തീരുന്ന മുറയ്ക്ക് പുതുക്കേണ്ടതാണ്.
5. COM-നും LOA-നുമുള്ള അപേക്ഷ പുതിയതിനായാലും പുതുക്കുന്നതിനായാലും ചെക്ക്ലിസ്റ്റ് പ്രകാരം എല്ലാ രേഖകളും ക്രമമായി ഉൾപ്പെടുത്തി കൃഷി ഓഫീസറുടേയും കൃഷി ഡെപ്യൂട്ടി ഡയറക്ടർ(ഇ&റ്റി)-യുടേയും ശുപാർശ സഹിതം ഈ ഓഫീസിലേയ്ക്ക് നൽകേണ്ടതാണ്.
6. അപേക്ഷകളും അനുബന്ധരേഖകളും പരിപൂർണ്ണമായി സമർപ്പിച്ചിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിയതിന്ശേഷം മാത്രം ചെല്ലാൻ കൗണ്ടർ സൈൻ ചെയ്യുക.

Scanned by TapScanner

(b). **കീടനാശിനി ഉൽപ്പാദന/വിതരണ ലൈസൻസ്**

1. എല്ലാ രാസ,ജൈവ,ജീവാണു കീടനാശിനി ഉൽപ്പാദിപ്പിച്ച് വിതരണം/വിപണനം നടത്തുന്നതിന് ലൈസൻസ് നിർബ്ബന്ധമാണ്.
2. കീടനാശിനി ഉൽപ്പാദനലൈസൻസിന്റെ കാലാവധി നിശ്ചയിക്കേണ്ടത് CIB & RC -യുടെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കാലാവധിയുടെ അടിസ്ഥാനത്തിലായിരിക്കണം.
3. കീടനാശിനി വിതരണ/വിൽപ്പന ലൈസൻസിന്റെ കാലാവധി നിശ്ചയിക്കേണ്ടത് ഉൽപ്പാദകർ നൽകുന്ന പ്രിൻസിപ്പൽ സർട്ടിഫിക്കറ്റിന്റെ കാലാവധിയുടെ അടിസ്ഥാനത്തിലായിരിക്കണം.
4. പെസ്റ്റ് കൺട്രോൾ ഓപ്പറേഷൻ ലൈസൻസിന്റെ കാലാവധി 5 വർഷമാണെങ്കിലും അപേക്ഷയോടൊപ്പം ഹാജരാക്കുന്ന പ്രിൻസിപ്പൽ സർട്ടിഫിക്കറ്റിന്റെ കാലാവധി 5 വർഷത്തിൽ താഴെ ആണെങ്കിൽ അതായിരിക്കും പ്രസ്തുത ലൈസൻസിന്റെ കാലാവധി.
5. കീടനാശിനി ഉൽപ്പാദന/വിതരണ/വിപണന ലൈസൻസിന്റെ കാലാവധി കഴിഞ്ഞാൽ പുതുക്കി നൽകാൻ വ്യവസ്ഥയില്ലാത്തതിനാൽ പുതിയ ലൈസൻസ് നൽകുന്നതിനുള്ള നടപടിക്രമം പാലിച്ചിരിക്കണം.
6. കീടനാശിനി ഉൽപ്പാദന/വിതരണ/വിപണന ലൈസൻസിനുള്ള അപേക്ഷ ചെക്ക് ലിസ്റ്റ് പ്രകാരം എല്ലാ രേഖകളും ക്രമമായി ഉൾപ്പെടുത്തിയിട്ടുള്ളതുമാത്രം അപേക്ഷകരിൽ നിന്നും സ്വീകരിക്കുക.
7. അപേക്ഷകളും അനുബന്ധരേഖകളും പരിപൂർണ്ണമായി ഹാജരാക്കിയശേഷം, അപാകതകൾ ഒന്നും ഇല്ല എന്ന് ഉറപ്പാക്കിയശേഷം മാത്രം ചെല്ലാൻ കൗണ്ടർ സൈൻ ചെയ്ത് നൽകുക.
8. കാലാവധി കഴിഞ്ഞ ഉൽപ്പന്നങ്ങൾ ഉൾപ്പെട്ടിട്ടുണ്ടെങ്കിലോ പുതുതായി ഉൽപ്പന്നങ്ങൾ കൂട്ടിച്ചേർക്കേണ്ടതുണ്ടെങ്കിലോ നിലവിലുള്ള മേൽവിലാസത്തിലോ ടെക്നിക്കൽ പേഴ്സൺ-ന്റെ നിയമനത്തിലോ മാറ്റം വരുന്നപക്ഷം യഥാക്രമമുള്ള ഭേദഗതി വരുത്തുവാൻ അപേക്ഷ സമർപ്പിക്കേണ്ടതാണ്.
9. പുതുതായി ഉൽപ്പന്നങ്ങൾ **ചേർത്ത്** ലൈസൻസ് ഭേദഗതി വരുത്തുന്നതിനുമാത്രം നിശ്ചിതഫീസ് ഒടുക്കിയാൽ മതിയാകും.

## II. ഗുണനിലവാര പരിശോധനയുമായി ബന്ധപ്പെട്ട വളം/കീടനാശിനി സാമ്പിളുകൾ ശേഖരിക്കുമ്പോൾ ശ്രദ്ധിക്കേണ്ടവ

1. വിളവെടുക്കുന്ന സീസണിൽ കൂടുതൽ ശ്രദ്ധ ചെലുത്തി എല്ലാ വളം/കീടനാശിനി ഉൽപ്പാദന/വിതരണ/വിപണന യൂണിറ്റുകളിൽ നിന്നും പരമാവധി സാമ്പിളുകൾ ശേഖരിക്കേണ്ടതാണ്.
2. ഒരേ ബാച്ചിൽപ്പെട്ട വളം/കീടനാശിനികളുടെ സ്റ്റോക്ക് പരിശോധിച്ച് അവയുടെ റെപ്രസന്റേറ്റീവ് സാമ്പിൾ മാത്രമേ ശേഖരിക്കാൻ പാടുള്ളൂ.
3. നിർദ്ദിഷ്ട ഫോമുകളിലെ ബാധകമായ എല്ലാ വിവരങ്ങളും വെട്ടും തിരുത്തും ഇല്ലാതെ വ്യക്തമായി പൂരിപ്പിച്ച് ഒപ്പും സീലും പതിച്ച് മാത്രം സാമ്പിളിനോടൊപ്പം അയയ്ക്കുക.
4. വളം/കീടനാശിനി സാമ്പിളുകൾ ഗുണനിലവാരപരിശോധനയ്ക്ക് നോട്ടിഫൈഡ് ലാബുകളിൽ മാത്രം അയയ്ക്കുക.
5. വളം സാമ്പിളുകൾ ശേഖരിച്ച് മൂന്നാമത്തെ പ്രവർത്തി ദിവസത്തിനകവും കീടനാശിനി തൊട്ടടുത്ത പ്രവർത്തി ദിവസവും നോട്ടിഫൈഡ് ലാബുകളിൽ നിർബ്ബന്ധമായും അയച്ചിരിക്കണം.
6. എല്ലാ വിവരങ്ങളും ലഭ്യമായ വളം/കീടനാശിനികളുടെ സാമ്പിളുകൾ മാത്രം ശേഖരിക്കുക.
7. മൂന്ന് സാമ്പിളുകൾ ശേഖരിക്കുന്നതിൽ ഒരെണ്ണം നിർദ്ദിഷ്ട മാതൃകയിൽ രസീത് വാങ്ങി ബന്ധപ്പെട്ട ഉൽപ്പാദന/വിതരണ/വിപണന ഉടമയ്ക്ക് നൽകേണ്ടതും, അവശേഷിക്കുന്ന രണ്ടെണ്ണത്തിൽ ഒരെണ്ണം നോട്ടിഫൈഡ് ലാബിലേയ്ക്കും , മൂന്നാമത്തെ ബന്ധപ്പെട്ട മേലുദ്യോഗസ്ഥനും നൽകേണ്ടതാണ്.
8. കീടനാശിനി സാമ്പിളുകൾക്ക്(രണ്ടെണ്ണത്തിന്) ക്രെഡിറ്റ് ബില്ല് വാങ്ങേണ്ടതും ആയതിന് കൈപ്പറ്റ് രസീത് നൽകേണ്ടതുമാണ്.

Scanned by TapScanner

9. കീടനാശിനി സാമ്പിൾ ഗുണനിലവാരമുണ്ടെന്ന് ഉറപ്പാക്കിയതിന്ശേഷം മാത്രമെ ക്രെഡിറ്റ് ബിൽ പ്രകാരമുള്ള തുക മാറി നൽകേണ്ടതുള്ളൂ.

## III. വളം/കീടനാശിനി സാമ്പിളുകൾ ഗുണനിലവാര പരിശോധനയിൻമേൽ സ്വീകരിക്കേണ്ട തുടർനടപടികൾ.

1. വളം/കീടനാശിനി ഗുണനിലവാര പരിശോധന ഫലം ലഭ്യമായാൽ (സ്റ്റാൻഡേർഡ് ആയാലും നോൺ സ്റ്റാൻഡേർഡ് ആയാലും) അവയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ബന്ധപ്പെട്ട ഡിപ്പോ ഉടമകൾക്കും ഉൽപ്പാദകർക്കും നൽകേണ്ടതാണ്.
2. പരിശോധനഫലപ്രകാരം സാമ്പിൾ ഗുണനിലവാരം പുലർത്തുന്നില്ല എന്ന് കണ്ടാൽ ബന്ധപ്പെട്ട ഡീലർ/വിതരണക്കാർ/ ഉൽപ്പാദകന്റെ പക്കൽ നിന്നും 15 ദിവസത്തിനകം വിശദീകരണം ആവശ്യപ്പെടേണ്ടതും, വിശദീകരണവും ഇൻസ്പെക്ടറുടെ പ്രാഥമിക റിപ്പോർട്ടും ഒരു മാസത്തിനുള്ളിൽ കൃഷിഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.
3. പരിശോധനഫലം ലഭ്യമായാൽ ഉടൻതന്നെ പ്രസ്തുത ഡിപ്പോ സന്ദർശിച്ച് അവശേഷിക്കുന്ന സ്റ്റോക്കിന്റെ വിൽപ്പന നിർത്തിവയ്ക്കേണ്ടതാണ്.
4. നിശ്ചിതസമയത്തിനകം വിശദീകരണം ലഭിക്കാതിരുന്നാലും, ലഭ്യമാക്കിയ വിശദീകരണം തൃപ്തികരമല്ലാതിരുന്നാലും വളം/കീടനാശിനി/ഉൽപ്പാദന/ വിതരണം/ വിപണക്കാരന്റെ മേൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.
5. വളം/കീടനാശിനി ഗുണനിലവാര പരിശോധന ഫലം ഉൽപ്പാദകന് തൃപ്തികരമല്ലെങ്കിൽ ഫലം കൈപ്പറ്റി 30 ദിവസത്തിനകം അപ്പലേറ്റ് അതോറിറ്റിയായ കൃഷി ഡയറക്ടർക്ക് റഫറി സാമ്പിൾ അയയ്ക്കുന്നതിന് അപേക്ഷ നൽകാവുന്നതാണ്.
6. റഫറി സാമ്പിൾ പരിശോധനയ്ക്ക് ആവശ്യപ്പെട്ടില്ല എങ്കിൽ ഗുണനിലവാരമില്ലാത്തതിനാൽ വിൽപ്പന നിർത്തിവച്ചിരിക്കുന്ന അവശേഷിക്കുന്ന വളം ഉൽപ്പാദകർക്കോ, സർക്കാർ ഗവേഷണസ്ഥാപനങ്ങൾക്കോ, ഫാമുകൾക്കോ, പ്ലാന്റേഷനുകൾക്കോ വിൽക്കുന്നതിന് ' Form H '-ൽ ലൈസൻസിംഗ് അതോറിട്ടിക്ക് അപേക്ഷ നൽകി അനുമതി വാങ്ങി വളത്തിന്റെ വില പുനർനിർണ്ണയിച്ച് നൽകേണ്ടതാണ്.
7. റഫറി സാമ്പിൾ പരിശോധന ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ ഫലമാണ് അന്തിമമായി പരിഗണിക്കേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതും.
8. ' Form H '-ൽ അപേക്ഷ നൽകി ' Form I '-ൽ ഗുണനിലവാരമില്ലാത്ത വളങ്ങൾ വിൽക്കുന്നതിന് അനുമതി നൽകുന്നതിന് മുൻപ് അവശേഷിക്കുന്ന വളചാക്കുകൾ മുഴുവനും ചുവന്ന മഷിയിൽ 'X' മാർക്ക് ചെയ്ത് 'Non-Standard' എന്ന് ബന്ധപ്പെട്ട ഫെർട്ടിലൈസർ ഇൻസ്പെക്ടർ രേഖപ്പെടുത്തിയിരിക്കണം.
9. കീടനാശിനി ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയാൽ ഉൽപ്പാദകനെതിരെ പ്രോസിക്യൂഷൻ നടപടി സ്വീകരിക്കുന്നതിന് ഡയറക്ടറുടെ അനുമതി ആവശ്യമാണ്. ഇതിലേക്കായി ബന്ധപ്പെട്ട ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർ അവശ്യംവേണ്ട രേഖകൾ സഹിതം പ്രിൻസിപ്പൽ കൃഷി ഓഫീസർ മുഖേന കൃഷിഡയറക്ടർക്ക് നൽകേണ്ടതാണ്.
10. സർക്കാരിന്റെ അനുമതി ലഭിച്ചാൽ ബന്ധപ്പെട്ട ഇൻസെക്ടിസൈഡ് ഇൻസ്പെക്ടർ ഒരു ഫസ്റ്റ്ക്ലാസ് ജുഡീഷ്യൽ മജിസ്ട്രേറ്റ് മുമ്പാകെ കേസ് ഫയൽ ചെയ്യേണ്ടതാണ്.

Scanned by TapScanner

## IV. അനധികൃതവളം/കീടനാശിനി കണ്ടെത്തിയാൽ സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ

1. അനധികൃതവളം/കീടനാശിനി ഉൽപ്പാദനം/വിതരണം, സംഭരണം, വിൽപ്പന, ഉപയോഗം എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട പ്രദേശത്തെ വളം/കീടനാശിനി ഇൻസ്പെക്ടർ വളത്തിന്റെ കാര്യത്തിൽ Essential Commodities Act 1955 പ്രകാരവും കീടനാശിനിയുടെ കാര്യത്തിൽ Insecticide Act 1968 പ്രകാരവും തുടർനടപടി സ്വീകരിക്കേണ്ടതാണ്.
2. ആവശ്യം വേണ്ടിവന്നാൽ പോലീസിന്റെ സഹായം തേടാവുന്നതാണ്.
3. പൂട്ടിക്കിടക്കുന്ന കെട്ടിടങ്ങളിലോ സംശയകരമായ സാഹചര്യത്തിൽ ഏതെങ്കിലും കെട്ടിടത്തിൽ/സ്ഥാപനത്തിലോ അനധികൃതമായി വളം/കീടനാശിനി സൂക്ഷിക്കുന്നു എന്ന് വിവരം ലഭിച്ചാൽ ജില്ലകളക്ടറുടെ സെർച്ച് വാറണ്ട് വാങ്ങിയതിന്ശേഷം തുടർനടപടി സ്വീകരിക്കേണ്ടതാണ്.
4. അനധികൃതമായി പിടിച്ചെടുക്കുന്ന വളം/കീടനാശിനികളെ സംബന്ധിക്കുന്ന വിവരങ്ങൾ നിർദ്ദിഷ്ട മാതൃകയിൽ രേഖപ്പെടുത്തി പ്രസ്തുത വിവരം മജിസ്ട്രേറ്റിനെ 24 മണിക്കൂറിനുള്ളിൽ(കളക്ടറെ) രേഖാമൂലം അറിയിക്കേണ്ടതാണ്.
5. അനധികൃതമായി വളം, കീടനാശിനി എന്നിവ പിടിച്ചെടുക്കാൻ പോകുന്ന അവസരത്തിൽ പ്രസ്തുത വളം/കീടനാശിനികളുടെ സാമ്പിൾ ശേഖരിക്കേണ്ടതും പരിശോധനയ്ക്ക് അയയ്ക്കേണ്ടതുമാണ്.
6. അനധികൃതമായി പിടിച്ചെടുത്ത വളത്തിന്റെ ഫലം ലഭ്യമായാൽ ECA 1955 പ്രകാരം ജില്ലാ കളക്ടറുടെ അനുമതിയോടുകൂടി dispose ചെയ്യാനുള്ള നടപടിയും സമയബന്ധിതമായി കൈകൊള്ളേണ്ടതാണ്.
7. പിടിച്ചെടുക്കുന്ന വസ്തുക്കൾ ആരിൽ നിന്നും ലഭ്യമായെന്നും മറ്റുമുള്ള വിവരങ്ങളും ശേഖരിക്കേണ്ടതും. ബന്ധപ്പെട്ടവരിൽ നിന്നും വിശദീകരണം വാങ്ങി സർക്കാരിന്റെ അനുമതിക്കു വിധേയമായി പ്രോസിക്യൂഷൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

## V. വളം/കീടനാശിനി ഇൻസ്പെക്ടർമാർ നിർവഹിക്കേണ്ട ചുമതലകൾ

1. വർഷം തോറും വളം/കീടനാശിനി ഇൻസ്പെക്ടർമാർ അവരവരുടെ പ്രവർത്തനപരിധിയിലെ ഉൽപ്പാദനയൂണിറ്റുകൾ കുറഞ്ഞത് 2 പ്രാവശ്യമെങ്കിലും വിതരണ/വിൽപ്പന ഡിപ്പോകൾ കുറഞ്ഞത് 3 പ്രാവശ്യമെങ്കിലും സന്ദർശിച്ച് താഴെപറയുന്ന ലൈസൻസ് വ്യവസ്ഥകൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പാക്കേണ്ടതാണ്.

a). ലൈസൻസ് പൊതുജനങ്ങൾക്ക് കാണുന്ന രീതിയിൽ പ്രദർശിപ്പിച്ചിരിക്കണം.
b). വളം/കീടനാശിനികളുടെ പേര്, സ്റ്റോക്ക്, വിലവിവരം അടങ്ങിയ ബോർഡ് സ്ഥാപിച്ചിരിക്കണം
c). വളം/കീടനാശിനി നിർദ്ദിഷ്ട മാതൃകയിലുള്ള രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിരിക്കണം.
d). വിൽപ്പന നടത്തുന്നത് നർദ്ദിഷ്ട മാതൃകയിലുള്ള ബില്ല് നൽകികൊണ്ടായിരിക്കണം.
e). വളം/കീടനാശിനി ഉൽപ്പാദനം/ഉപയോഗം സംബന്ധിച്ച പ്രതിമാസ റിപ്പോർട്ട് ബന്ധപ്പെട്ട ഉൽപ്പാദകൻ/വിൽപ്പനക്കാരൻ എല്ലാ മാസവും 5-ാം തീയതിക്ക് മുൻപ് ബന്ധപ്പെട്ട കൃഷി ഭവന് നൽകിയിരിക്കണം.

2. മേൽപ്പറഞ്ഞ നിബന്ധനകൾ പാലിക്കപ്പെടാത്ത ലൈസൻസ് ഉടമകൾ ഉണ്ടെങ്കിൽ അവർക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയും, നിശ്ചിതസമയത്തിനകം അപാകതകൾ പരിഹരിക്കാൻ നിർദ്ദേശം നൽകേണ്ടതുമാണ്.
3. മേൽപ്പറഞ്ഞ തരത്തിൽ നിർദ്ദേശം നൽകിയിട്ടും നിബന്ധനകൾ പാലിക്കപ്പെടുന്നില്ല എങ്കിൽ 21 ദിവസത്തേയ്ക്ക് വിൽപ്പന നിർത്തി വയ്ക്കാൻ ഉത്തരവ് നൽകേണ്ടതും വീണ്ടും കാരണം കാണിക്കൽ നോട്ടീസ് നൽകേണ്ടതുമാണ്.
4. ഇത്തരത്തിൽ രണ്ട് തവണ നിർദ്ദേശം നൽകിയിട്ടും നിബന്ധനകൾ പാലിക്കപ്പെടുന്നില്ല എങ്കിൽ, പ്രസ്തുത സ്ഥാപനത്തിൽ സൂക്ഷിച്ചിരിക്കുന്ന വളം/കീടനാശിനികൾ പിടിച്ചെടുക്കേണ്ടതും, വിവരം മജിസ്ട്രേറ്റിനെ അറിയിക്കേണ്ടതും, അതനുസരിച്ച് തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്.

Scanned by TapScanner

5. പിടിച്ചെടുത്ത വളം/കീടനാശിനി ഉടമകളുടെ വിശദീകരണം തൃപ്തികരമല്ലാ എങ്കിൽ സർക്കാരിന്റെ അനുമതിയോടുകൂടി പ്രോസിക്യൂഷൻ നടപടി സ്വീകരിക്കേണ്ടതുമാണ്.
6. പിടിച്ചെടുത്ത വളം/കീടനാശിനികൾ കണ്ടുകെട്ടുന്നതിന് കളക്ടർ/കോടതി അനുമതി ലഭിക്കുന്ന മുറക്ക് തുടർനടപടി സ്വീകരിക്കേണ്ടതാണ്.
7. വളം വിൽപ്പന നടത്തുന്നവർ POS മെഷീൻ ഉപയോഗിക്കുന്നില്ല എങ്കിൽ, അവരുടെ ലൈസൻസ് സസ്പെൻഡ്/കാൻസൽ ചെയ്യുന്നതിന് നടപടി എടുക്കേണ്ടതാണ്.
8. ലൈസൻസ് നിബന്ധനകൾ പാലിക്കപ്പെടാത്ത ലൈസൻസ് ഉടമകളുടെ ലൈസൻസ് പുതുക്കുന്നതിനോ, ഭേദഗതി ചെയ്യുന്നതിനോ ശുപാർശ ചെയ്യാൻ പാടുള്ളതല്ല.
9. ക്വാളിറ്റി കൺട്രോളിന്റെ ഭാഗമായി സമർപ്പിക്കേണ്ട റിപ്പോർട്ടുകൾ എല്ലാമാസവും കൃത്യമായും സമർപ്പിക്കേണ്ടതാണ്.
10. കീടനാശിനി ഉപയോഗം മൂലമുണ്ടാകുന്ന മരണങ്ങൾ "നിശ്ചിത" മാതൃകയിൽ യഥാസമയം കൃഷി ഡയറക്ടറേറ്റിൽ അറിയിക്കേണ്ടതാണ്. ഈ വിഷയത്തിൽ പ്രതിമാസറിപ്പോർട്ടും സമർപ്പിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,

ഒപ്പ്

**കൃഷി അഡീഷണൽ ഡയറക്ടർ (CP)**

**കാർഷിക വികസന കർഷക ക്ഷേമ**

**വകുപ്പ് ഡയറക്ടർക്ക് വേണ്ടി**

RAJESWARI. S.R
PLANT PROTECTION OFFICER
AGRICULTURE DEVELOPMENT
& FARMERS WELFARE DIRECTORATE
VIKAS BHAVAN, TVPM-33

VRV-02/03/2020, Type-20.

Scanned by TapScanner